# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4617 — 26.10.2016 ന് മറുപടിയ്ക്ക്

## കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുവാദമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മൃഗങ്ങളെ കൊല്ലാനാണ് അനുവാദം ഉള്ളതെന്ന് പറയാമോ; | (എ) സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.95/2014/വനം തീയതി 17.11.2014 പ്രകാരം കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ചു കൊല്ലുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇത്തരത്തിൽ വന്യമൃഗങ്ങളെ കൊല്ലുന്നതിന് എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ; നിബന്ധനകൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.95/2014/വനം തീയതി 17.11.2014 പ്രകാരം കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വെടിവച്ചോ, അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ ആക്രമിച്ചാൽ നഷ്ടപരിഹാരം ലഭിക്കുമോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടെ ഇത്തരത്തിൽ എത്ര പേർക്ക്എത്ര രൂപ വീതം നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ വളർത്തു മൃഗങ്ങളെ ആക്രമിക്കുന്ന സംഭവങ്ങളിൽ പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം നൽകാറുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1341 അപേക്ഷകളിന്മേൽ 2,37,00,207/- രൂപ (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി ഇരുനൂറ്റിയേഴ് രൂപ മാത്രം) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(1) കൃഷിയിടത്തിൽ വെച്ച് വേട്ടയാടിയ കാട്ടുപന്നിയെ/കാട്ടുപന്നികളെ ജീവനോടെയോ, അല്ലാതെയോ അധികാരാതിർത്തിയിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.

(2) വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കൂറിനകം ഹാജരാക്കേണ്ടതാണ്.

(3) കാട്ടുപന്നിയെ വെടിവെച്ചു കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

(4) വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

(6) ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

(7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനേയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവെച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കും കൂടി വിധേയമായിട്ടായിരിക്കും.

1) കയ്യേറിയ റഗുലറൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചു കൊല്ലുവാൻ പാടുള്ളതല്ല.

2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

3) ഒരു കാട്ടുപന്നിയെ വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.

4) വെടിവെച്ചു കൊല്ലപ്പെടുന്ന പന്നിയെ വനംവകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.